**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2573** **27-02-2023 - ൽ മറുപടിയ്ക്ക്**

**പാരമ്പര്യ ഊർജ്ജസ്രോതസ്സുകളുടെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സോളാർ പവർ പ്രൊമോഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഊർജ്ജ വകുപ്പിൽ നിന്നും സെൻട്രൽ ഇലക്ട്രിസിറ്റി സോളാർ ഗൈഡ് ലൈൻ പ്രകാരം നടത്തിവരുന്ന സുരക്ഷാപരിശോധനയും അനുമതിയും 100 കിലോവാട്ട് വരെയുള്ള പാരമ്പര്യ ഊർജ്ജസ്രോതസ്സുകൾക്ക് വേണ്ട എന്ന തീരുമാനം എടുക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | സോളാർ പവർ പ്രൊമോഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഊർജ്ജ വകുപ്പിൽ നിന്നും സെൻട്രൽ ഇലക്ട്രിസിറ്റി ഗൈഡ് ലൈൻ പ്രകാരം നടത്തി വരുന്ന സുരക്ഷാപരിശോധനയും അനുമതിയും 100 KW വരെയുള്ള പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾക്ക് വേണ്ട എന്ന് തത്വത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ വിവിധ കോണുകളിൽ നിന്ന് വിഷയം പുന:പരിശോധിക്കണമെന്ന നിർദ്ദേശമുയർന്നിട്ടുണ്ട്. ആയത് പരിഗണിച്ചു വരുന്നു. |
| (ബി) | സൗര പദ്ധതിയിൽ ടാറ്റ പവർ സോളാർ സിസ്റ്റം ലിമിറ്റഡ് എന്ന കമ്പനിയുടെ മൂന്ന് കിലോവാട്ട് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനിടെ കഴിഞ്ഞവർഷം കൊല്ലം ജില്ലയിൽ ഒരാൾ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 'സൗര' പദ്ധതിയിൽ ഉൾപ്പെട്ട, ടാറ്റാ പവർ സോളാർ ഡെവലപ്പർ മുഖാന്തരം കടയ്ക്കൽ സെക്ഷന്റെ പരിധിയിൽവരുന്ന ശ്രീ. ശ്രീകുമാരൻ. എൻ. (Consumer No. 1145999004364) - ന്റെ താമസസ്ഥലത്ത് സൗര നിലയത്തിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട ജോലിക്കിടയിൽ ഡെവലപ്പറുടെ ഒരു ജീവനക്കാരൻ മരണപ്പെടുകയുണ്ടായി. ഇതിനെ തുടർന്ന് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചു സമാന അപകടം ആവർത്തിക്കാതിരിക്കാൻ പ്രസ്തുത ഡെവലപ്പർ ഉൾപ്പെടെ എല്ലാ സോളാർ ഡെവലപ്പേഴ്സിനേയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷാ പരിശോധന നടത്തിയ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ അംഗീകൃത സൂപ്പർ വൈസറുടെ മേൽനോട്ടത്തിൽ മാത്രമേ ജോലികൾ ചെയ്യാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകി. |
| (സി) | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധനകൾ ഒഴിവാക്കുന്നത് കെ.എസ്.ഇ.ബി. ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും | (സി) | വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട സൗരനിലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്ന ടെസ്റ്റുകൾ നടത്തിയിട്ടാണ് സൗര നിലയങ്ങൾ |

| | | | |
|---|---|---|---|
| | പൊതുജനങ്ങളുടെയും ജീവൻ അപകടത്തിൽ ആക്കുമെന്നതിനാൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുമോയെന്ന് വ്യക്തമാക്കുമോ; | | ഗ്രിഡുമായി ബന്ധിപ്പിക്കുന്നത്. ആയതു വഴി സുരക്ഷ ഉറപ്പാക്കിയാണ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുന്നത്. കൂടാതെ 10 കിലോവാട്ടിനു മുകളിലുള്ള എല്ലാ സൗരനിലയങ്ങൾക്കും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ എനർജൈസേഷൻ അനുമതി നിർബന്ധമാണ്. 10 കിലോവാട്ട് വരെയുള്ള സോളാർ നിലയങ്ങളുടെ എനർജൈസേഷൻ അപ്രൂവൽ വേണ്ട എന്നുള്ളത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ മാർഗ്ഗരേഖ അനുസരിച്ചാണ് പരിശോധന ഒഴിവാക്കുന്നത്. |
| (ഡി) | പൊതുജനങ്ങളുടെയും ഈ മേഖലയിൽ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി.എൽ, കരാർ, സ്വകാര്യ തൊഴിലാളികളുടെയും സുരക്ഷയെ മുൻനിർത്തി പാരമ്പര്യ ഊർജ്ജസ്രോതസ്സുകളുടെ പ്രവർത്തനവും പരിശോധനയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖാന്തരം നടപ്പിൽ വരുത്തുന്നതിന് പകരം സർക്കാർ മറ്റെന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | സുരക്ഷാ പരിശോധന നടത്താനായി നിയമാനുസരണം ചുമതലപ്പെട്ട വകുപ്പാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്. ആ നിലയ്ക്കാണ് ഇപ്പോൾ സുരക്ഷ ഉറപ്പ വരുത്തുന്നത്. |
| (ഇ) | നിലവിൽ കെ.എസ്.ഇ.ബി. റൂഫ് ടോപ്പിൽ സ്ഥാപിക്കുന്ന സോളാർ പ്രതിഷ്ഠാപനത്തിൽ നിന്നും തീപിടുത്തം ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ; | (ഇ) | വൈദ്യുത പ്രതിഷ്ഠാപനങ്ങളിലുണ്ടാകുന്ന സാങ്കേതിക തകരാർ മൂലം അപൂർവ്വ മായിട്ടെങ്കിലും തീപിടുത്തമുണ്ടാകാനുള്ള സാധ്യതയുണ്ട്.<br><br>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നിലവിലുള്ള സ്കീം അനുസരിച്ചാണ് സൗരനിലയം സ്ഥാപിക്കുന്നത്. സൗരനിലയം സ്ഥാപിക്കുമ്പോൾ സ്കീമിൽ നിഷ്കർഷിക്കുന്ന ശേഷിയുള്ള ഉപകരണങ്ങളാണ് ഉപയോഗി ക്കുന്നതെന്ന് ഉറപ്പാക്കുന്നുണ്ട്. ആയതു മൂലം തീ പിടിക്കുന്നതിനുള്ള സാദ്ധ്യത കുറവാണ്. അസാധാരണ സാഹചര്യം ഉണ്ടായാൽ സമാന വൈദ്യുതി ഉപകരണങ്ങളി ലുണ്ടാകുന്നതുപോലെ തീപിടിക്കാനുള്ള സാധ്യതയുണ്ട്. ഇത്തരം സാഹചര്യം ഉണ്ടായാൽ ഉയർന്ന ശേഷിയുള്ള നിലയങ്ങൾക്ക് ഫയർ എക്സ്റ്റിംഗ്യൂഷർ സ്ഥാപിച്ചിട്ടാണ് അനുമതി നൽകുന്നത്.<br><br>വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ തീപിടുത്തം ഉണ്ടാകുന്നതിന് നിരവധി കാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൽ മുഖ്യമായുള്ളത് ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ നിലവാരം ആണ്. ISI മുദ്രയുള്ള നിലവാരമുള്ള ഉപകരണങ്ങൾ ഉപയോഗിക്കാത്ത പക്ഷം തീപിടുത്ത സാദ്ധ്യത കൂടുതലാണ്. കൂടാതെ മതിയായ യോഗ്യതയില്ലാത്തവർ പ്രതിഷ്ഠാപനങ്ങളിൽ ജോലിയിൽ ഏർപ്പെടുന്നതു മൂലവും തീപിടുത്തങ്ങൾ ഉണ്ടാകാറുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | സോളാർ വൈദ്യുത പ്രതിഷ്ഠാപനവുമായി ബന്ധപ്പെട്ട് കേരളത്തിൽ എത്ര അപകടങ്ങൾ ഉണ്ടായെന്നും അവ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കുമോ? | (എഫ്) | നിലവിൽ കൊല്ലം ജില്ലയിൽ കടയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ മാരകമായ ഒരു അപകടം നടന്നിട്ടുണ്ട്. കൂടാതെ കൊല്ലം ജില്ലയിൽ കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷനിൽ സോളാർ പ്രതിഷ്ഠാപനത്തിൽ നിന്ന് തീ പിടുത്തം ഉണ്ടായിട്ടുണ്ട്. പാലക്കാട് ജില്ലയിൽ രണ്ട് മനുഷ്യർക്കും, പത്തനംതിട്ട ജില്ലയിൽ ഒരു മനുഷ്യനും തൃശ്ശൂർ ജില്ലയിൽ ഒരു മൃഗത്തിനും സോളാർ ഇലക്ട്രിക് ഫെൻസിംഗ് എനർജൈസറിൽ നിന്നും മാരകമായ വൈദ്യുത അപകടം ഉണ്ടായിട്ടുണ്ട്. പ്രസ്തുത അപകടങ്ങൾ ഒഴിവാക്കുന്നതിനായി വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ അംഗീകൃത ലൈസൻസുള്ള സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ അംഗീകൃത പരിജ്ഞാനമുള്ളവർ മാത്രമേ പ്രസ്തുത ജോലികൾ ചെയ്യാൻ പാടുള്ളു എന്ന് നിർദ്ദേശം നൽകുകയും പ്രസ്തുത സന്ദേശങ്ങൾ ദൃശ്യ-ശ്രാവണ-പത്ര മാദ്ധ്യമങ്ങൾ വഴി ജനങ്ങളിൽ എത്തിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ